**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3011

15.12.2015-ൽ
മറുപടിയ്ക്ക്

## ' ട്രെഷർ ടോവ് ആക്ട് '

**ചോദ്യം**
ശ്രീ. എം. ഉമ്മർ

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) ട്രെഷർ ടോവ് ആക്ട് പ്രകാരം ഈ സർക്കാരിൻെറ കാലത്ത് ലഭ്യമായ വസ്തു വകകളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ ക്രോഡീകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ക്രോഡീകരിച്ചിട്ടില്ല. കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽ നിന്നും മാത്രമേ ഈ സർക്കാരിൻെറ കാലത്ത് ട്രെഷർ ടോവ് ആക്ട് പ്രകാരം വസ്തുവകകൾ ലഭിച്ചിട്ടുള്ളൂ. തുറമുഖ വകുപ്പിൻെറ ഓഫീസിൻെറ അരികിൽ നിന്നും 8 പീരങ്കികൾ ആണ് ഇപ്രകാരം കണ്ടെത്തിയത്. |
| (ബി) പ്രസ്തുത ആക്ട് പ്രകാരമുള്ള വസ്തുക്കളുടെ അടിസ്ഥാന മൂല്യം പരിഷ്ക്കരിക്കേണ്ടതിൻെറ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ: | (ബി) 1968-ലെ ട്രെഷർ ടോവ് ആക്ട് വകുപ്പ് 3 പ്രകാരം അടിസ്ഥാന മൂല്യം 25 രൂപയാണ്. ആയത് പരിഷ്കരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ ? | (സി) 1968-ലെ കേരള ട്രെഷർ ടോവ് ആക്ട്, 1971-ലെ അനുബന്ധ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ ആണ് ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്നതിന് പാലിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ